# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1893

17.12.2012-ൽ മറുപടിക്ക്

## തണൽ പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" ഐ.സി.ബാലകൃഷ്ണൻ<br>" വി.പി.സജീന്ദ്രൻ<br>" പി.സി.വിഷ്ണുനാഥ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തണൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | പഞ്ഞമാസക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ നൽകുക എന്നതാണ് തണൽ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് പഞ്ഞമാസക്കാലത്ത് നൽകാൻ ഉദ്ദേശിക്കുന്ന സാമ്പത്തിക താങ്ങൽ പദ്ധതി ഫിഷർമെൻ ഫണ്ട് ബോർഡ് വഴിയാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതായിരിക്കും. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | പഞ്ഞമാസക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ നൽകുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ വകുപ്പുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. തണൽ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ